## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3547** **02-03-2023 - ൽ മറുപടിയ്ക്ക്**

## തൃശ്ശൂർ ശ്രീരാമവർമ്മ മ്യൂസിക് കോളേജിന്റെ കെട്ടിട നിർമ്മാണ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട തൃശ്ശൂർ ശ്രീരാമവർമ്മ മ്യൂസിക് കോളേജിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി അറിയിക്കാമോ? | (എ) | എസ്.ആർ.വി. മ്യൂസിക് കോളേജിന് വേണ്ടി കണ്ടെത്തിയ തൃശ്ശൂർ രാമവർമ്മപുരം സ്കൂളിന്റെ പിറകിലുള്ള വിയ്യൂർ വില്ലേജ് സർവേ നമ്പർ 48/2P ൽ ഉൾപ്പെട്ട 2 ഏക്കർ 30 സെന്റ് സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും NOC ലഭ്യമായിട്ടുണ്ട്. ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി പ്രൊപോസൽ റവന്യൂവകുപ്പിന്റെ പരിഗണയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് കെട്ടിട നിർമ്മാണം ആരംഭിയ്ക്കാവുന്നതാണ്. പ്രസ്തുത കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി പദ്ധതി നടപ്പിലാക്കുന്നതിനായി DPR തയ്യാറാക്കൽ പുരോഗമിച്ച്കൊണ്ടിരിക്കുന്നു. പ്രസ്തുത കോളേജിന്റെ KIIFB പദ്ധതി വർക്കുകൾ നടത്തുന്നതിനായി KITCO യെയാണ് പദ്ധതി നിർവഹണ ഏജൻസി ആയി ചുമതലപ്പെടുത്തി യിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ